പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2263 10.10.2011- ലെ മറുപടി

## പുതിയ ബസുകൾ അനുവദിക്കാൻ നടപടി

ചോദ്യം ഉത്തരം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും അതിനാവശ്യമായ ബസുകളുടെ എണ്ണം എത്രയാണെന്നും വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽ നിന്നും 92 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നു. 92 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനായി സ്പെയർ ബസ്സുകൾ ഉൾപ്പെടെ 101 ബസ്സുകൾ ആവശ്യമാണ്. |
| (ബി) | പ്രസ്തുത ഡിപ്പോയിൽ നിലവിൽ എത്ര ബസുകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്; | (ബി) | പ്രസ്തുത ഡിപ്പോയിൽ നിലവിൽ 97 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | നിലവിലുള്ള ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നതിനും പുതുതായി റൂട്ടുകൾ അനുവദിക്കുന്നതിനും ആവശ്യമായ ബസുകൾ പയ്യന്നൂർ ഡിപ്പോയിലേക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ